**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.സി.എം.അയിഷയുടെ അനധികൃത ഹാജരില്ലായ്മക്കാലയളവ് 'നോൺ ഡ്യൂട്ടി' ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.1809/2018/തസ്വഭവ തിരുവനന്തപുരം, തീയതി.02/07/2018

================================================================

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) സ.ഉ(സാധാ)നം.556/98/എൽ.എ.ഡി തീയതി 05.03.1998.

3) സ.ഉ(സാധാ) നം 1555/03/തസ്വഭവ തീയതി 29.04.2003.

4) സ.ഉ(സാധാ) നം 1603/09/ തസ്വഭവ തീയതി 30.06.2009.

5) പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.05.2017 ലെ എവിഎസ്-5354/14 നമ്പർ നടപടിക്രമം.

6) ശ്രീമതി.സി.എം.അയിഷയുടെ 18.12.2017 ലെ ശൂന്യവേതനാവധിയപേക്ഷ.

7) പഞ്ചായത്ത് ഡയറക്ടറുടെ 22.02.2018 ലെ ഇ 6-26958/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക്. ശ്രീമതി.സി.എം.അയിഷയുടെ 08.03.2013 മുതൽ 08.06.2016 വരെയുള്ള കാലയളവിലെ അനധികൃത ഹാജരില്ലായ്മ കെ എസ് ആർ ഭാഗം 1. അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (6) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (7) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.സി.എം.അയിഷ, 03.12.1997 ന് സേവനത്തിൽ പ്രവേശിച്ചു. ശ്രീമതി സി എം അയിഷയ്ക്ക് പരാമർശം (2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ എസ് ആർ ഭാഗം 1. അനുബന്ധം XII A പ്രകാരം വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്കായി ശൂന്യവേതനാവധി അനുവദിക്കുകയും. ടിയാൾ 08.03.1998 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് പരാമർശം (3). പരാമർശം (4) സർക്കാർ ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധിയിൽ തുടരുകയും പ്രസ്തുത ശൂന്യവേതനാവധി അവസാനിച്ചതിന് ശേഷം 08.03.2013 മുതൽ 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൾ അപേക്ഷ സമർപ്പിക്കുകയും അനുമതി ലഭിക്കാതെ തന്നെ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും ചെയ്തു. അനധികൃതമായി സേവനത്തിൽ ഹാജരാകാതിരുന്നതിന് ടിയാൾക്ക് "താക്കീത്" നൽകി

അച്ചടക്ക നടപടി പരാമർശം(5) പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. 09.06.2016 ൽ ടിയാൾ സേവനത്തിൽ പുന:പ്രവേശിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.സി.എം.അയിഷയുടെ 08.03.2013 മുതൽ 08.06.2016 വരെയുള്ള കാലയളവിലെ അനധികൃത ഹാജരില്ലായ്മ ടിയാളുടെ മുൻകാല സർവീസ് നഷ്ടമാകും വിധം 'നോൺ ഡ്യൂട്ടി' ആയി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുകുമാരൻ.എൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി. കടപ്ര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി.സി.എം.അയിഷ. ക്ലാർക്ക്, കടപ്ര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ധന വകുപ്പ്(21.06.2018 ലെ റൂൾസ് ബി2/149/2018/ധന നമ്പർ കുറിപ്പ് പ്രകാരം).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ. ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(84/ഇപിഎ 1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ